# കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡ്, എറണാകുളം

നം.ഇ1-4219/2020 തീയതി:20.04.2020

## സർക്കുലർ നം. 01/2020-21

വിഷയം: കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡ് എറണാകുളം- കോവിഡ്-19 വ്യാപനം തടയുന്നതിനുള്ള പ്രവർത്തനങ്ങളുടെ ഭാഗമായി തുടർ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

പരാമർശം: (1) കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡ് സ്റ്റാഫ് (നിയമനവും സേവന വ്യവസ്ഥകളും പെരുമാറ്റവും അച്ചടക്കവും) ചട്ടങ്ങൾ-2002.

(2) സ.ഉ.( എം.എസ്. )നം.78/2020/പൊ.ഭ.വ. തീയതി:17.04.2020.

(3) സ.ഉ.(പി)നം.42/2020/ധന. തീയതി:16.04.2020.

(4) സ.ഉ.(പി)നം.43/2020/ധന. തീയതി:17.04.2020.

കോവിഡ്-19 വ്യാപനം തടയുന്നതിനുള്ള പ്രവർത്തനങ്ങളുടെ ഭാഗമായി സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള പരാമർശം(2) സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങളും, കൂടാതെ ഇതുമായി ബന്ധപ്പെട്ട് സർക്കാർ പുറപ്പെടുവിക്കുന്ന തുടർ നിർദ്ദേശങ്ങളും, കേരള ചുമട്ട് തൊഴിലാളി ക്ഷേമ ബോർഡ് ജീവനക്കാരും വീഴ്ച കൂടാതെ പാലിക്കേണ്ടതാണെന്ന് ഇതിനാൽ നിർദ്ദേശം നൽകുന്നു.

കൂടാതെ, കോവിഡ്-19 മഹാമാരിയുമായി ബന്ധപ്പെട്ടുണ്ടായ സാമ്പത്തിക പ്രതിസന്ധി മറികടക്കുന്നതിന് സർക്കാർ തലത്തിൽ ഏർപ്പെടുത്തിയിട്ടുള്ള സാമ്പത്തിക ക്രമീകരണങ്ങളുടെ ഭാഗമായി, കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡിന് കീഴിലുള്ള ജീവനക്കാരുടെ ആർജ്ജിതാവധി സറണ്ടർ സൂചന(3),(4) സർക്കാർ ഉത്തരവുകളിലെ നിർദ്ദേശങ്ങൾക്ക് അനുസൃതമായി മൂന്ന് മാസക്കാലത്തേക്ക് താത്കാലികമായി മാറ്റിവയ്ക്കാനും ഇതിനാൽ നിർദ്ദേശം നൽകുന്നു. ഇതിനോടകം ആർജ്ജിതാവധി സറണ്ടറിന് അനുമതി ഉത്തരവ് നൽകിയിട്ടുള്ളതും എന്നാൽ തുക വിതരണം നടത്തിയിട്ടില്ലാത്തതുമായവ റദ്ദ് ചെയ്ത് ബന്ധപ്പെട്ട ജീവനക്കാരുടെ അവധി കണക്കിൽ ആർജ്ജിതാവധി തിരികെ ക്രെഡിറ്റ് ചെയ്യേണ്ടതാണ്.

അത്യാവശ്യ ഘട്ടങ്ങളിൽ, തൊഴിലാളികൾക്ക് ആവശ്യം വരുന്ന മാസ്കുകൾ, ഹാൻഡ് വാഷ്/സാനിറ്റൈസർ മുതലായവ ബന്ധപ്പെട്ട ഓഫീസുകളുടെ ചെലവിൽ വാങ്ങിച്ച് നൽകാവുന്നതാണ്.

(ഒപ്പ്)

ചീഫ് എക്സിക്യൂട്ടീവ്

സ്വീകർത്താവ്

ചെയർമാൻ, എല്ലാ ജില്ലാ കമ്മിറ്റി/ കൊച്ചിൻ പോർട്ട് ട്രസ്റ്റ് ഏരിയാകമ്മിറ്റി/ സബ് ഓഫീസുകൾ

പകർപ്പ്

ഫിനാൻസ് ഓഫീസർ/ സെക്രട്ടറി, കേ.ചു.തൊ.ക്ഷേമ ബോർഡ്, എറണാകുളം
അക്കൗണ്ട്സ് ഓഫീസർ (W&E, P&A, IA, സ്കാറ്റേർഡ്),ജൂനിയർ സൂപ്രണ്ട് (ക്യാഷ്, ഫിനാൻസ്, ഓഡിറ്റ്),ഇ3, എഫ്1, എഫ്4, സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി, ബോർഡിന്റെ വെബ്സൈറ്റ്

//ഉത്തരവിൻ പ്രകാരം//

Jayaprakash

ജൂനിയർ സൂപ്രണ്ട്